TAPAL
Date: 29/8/18
D(O) (SWM) D(

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിലെ സൂര്യ നെല്ലിയിൽ HML കമ്പനി നിരാക്ഷേപ പത്രം നൽകിയിട്ടുള്ള സ്ഥലത്ത് ശുചിത്വ മിഷൻ വിഹിതമായ പത്ത് ലക്ഷം രൂപ ഉപയോഗിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് പണിയുന്നതിന് ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2138/2018/തസ്വഭവ തിരുവനന്തപുരം, തീയതി 03.08.2018

പരാമർശം :- 1) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 06.02.2018 ലെ ഭരണസമിതി തീരുമാനം നമ്പർ 1/3
2) ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2018 ലെ കത്ത്
3) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.19(ii)

**ഉത്തരവ്**

ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിലെ പ്രധാന തെരുവുകളിൽ ഒന്നായ സൂര്യ നെല്ലിയിൽ ശുചിത്വ മിഷൻ വിഹിതമായ പത്ത് ലക്ഷം രൂപ ഉപയോഗിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രോജക്റ്റ് (പ്രോ.നം.175/18) തയാറാക്കിയിട്ടുണ്ട്. ഈ പ്രദേശത്ത് പഞ്ചായത്തിന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ടി ആവശ്യത്തിലേക്കായി കെട്ടിടം പണിയുന്നതിന് HML കമ്പനി നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെങ്കിലും സ്ഥലം വിട്ടുനല്കിയിട്ടില്ലെന്നും മേൽ സാഹചര്യത്തിൽ HML കമ്പനി നിരാക്ഷേപപത്രം നൽകിയിട്ടുള്ള സ്ഥലത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് പണിയുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. . ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിലെ സൂര്യ നെല്ലിയിൽ HML കമ്പനി നിരാക്ഷേപ പത്രം നൽകിയിട്ടുള്ള സ്ഥലത്ത് നിർമ്മിക്കുന്ന ടോയ്‌ലറ്റ് കോംപ്ലക്സ് പൊതു ആവശ്യത്തിന് വിട്ടു നൽകുമെന്ന് കമ്പനി സമ്മതപത്രം നൽകണമെന്ന നിബന്ധനയോടെ പ്രസ്തുത സ്ഥലത്ത് ശുചിത്വ മിഷൻ വിഹിതമായ പത്ത് ലക്ഷം രൂപ ഉപയോഗിച്ച് ടോയ്‌ലറ്റ്

കോംപ്ലക്സ് പണിയുന്നതിന് പരാമർശം (3)-ന്റെ അടിസ്ഥാനത്തിൽ ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിസ്ഥു. എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത്, ഇടുക്കി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ